# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ഫെബ്രുവരി 11**

**February 11** **2019**

*1193 മകരം 28* **തിങ്കൾ**

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ലഹരികളിൽ നിന്നും വിമുക്തി നേടാൻ ഇനി ലഹരി മോചന ചികിത്സാ കേന്ദ്രം

സാമൂഹ്യവിരുദ്ധരുടെ പ്രലോഭനങ്ങൾക്കിരയായി ലഹരിയുടെ ലോകത്തേക്ക് വഴി തെറ്റി പോകുന്ന യുവജനങ്ങളെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ നീലേശ്വരത്ത് ലഹരി മോചന ചികിത്സാ കേന്ദ്രം പൂർണ്ണ സജ്ജമായി. ലഹരിക്കെതിരേ എക്സൈസ് വകുപ്പ് ആവിഷ്കരിച്ച വിമുക്തി പദ്ധതിയുടെ ഭാഗമായാണ് നീലേശ്വരം താലൂക്കാശുപത്രിക്ക് സമീപം ഡീ അഡിക്ഷൻ കേന്ദ്രം ഉദ്ഘാടനത്തിനൊരുങ്ങുന്നത്. ലഹരി ഉപയോഗം യുവാക്കളിൽ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കൃത്യമായ ചികിത്സ നൽകി അവരെ ആരോഗ്യകരമായ സാമൂഹിക ജീവിതം നയിക്കാൻ പ്രാപ്തരാക്കുകയാണ് ചികിത്സാ കേന്ദ്രം കൊണ്ടുദ്ദേശിക്കുന്നത്.

ചികിത്സാ കേന്ദ്രത്തിലെത്തുന്നവരെ പരിശോധിക്കാൻ ഔട്ട് പേഷ്യന്റ് (ഒ.പി) വിഭാഗം കഴിഞ്ഞ നവംബറിൽ തന്നെ ആരംഭിച്ചിരുന്നെങ്കിലും കിടത്തി ചികിത്സിക്കുന്നതിനായുള്ള ഐപി വിഭാഗം ഇപ്പോഴാണ് പൂർണ സജ്ജമായത്. സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷ പരിപാടികളുടെ ഭാഗമായി ലഹരി മോചന ചികിത്സാ കേന്ദ്രം ഉദ്ഘാടനം ചെയ്യുമെന്ന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും ഡിവിഷൻ ഓഫീസ് മാനേജറുമായ ജോയ് ജോസഫ് പറഞ്ഞു.

സ്കൂൾ വിദ്യാർത്ഥികളിൽ പോലും മയക്കുമരുന്ന് ഉപയോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ അവരെ കുറ്റവാളികളായി സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിലുപരി സാമൂഹിക ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ചികിത്സാ കേന്ദ്രത്തിൽ സൈക്യാട്രിസ്റ്റടക്കം മൂന്ന് ഡോക്ടർമാരും മൂന്ന് നഴ്സുമാരും മൂന്ന് സെക്യൂരിറ്റി ജീവനക്കാരുമാണ് ജോലി ചെയ്യുന്നത്. പത്ത് പേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്. എക്സൈസ് റെയ്ഡുകളിലും മറ്റും പിടിയിലാകുന്ന ലഹരിക്കടിമയായവരെ ഇവിടെ ചികിത്സിക്കും. ലഹരിക്കെതിരേ സാമൂഹിക ക്രിയാത്മകമായ ചുവടുവയ്പുകൾ, വിദ്യാഭ്യാസ സംസ്ഥാനതല പ്രവർത്തനങ്ങൾ, മദ്യംമയക്കുമരുന്ന് ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, ലഹരി ഉത്പന്നങ്ങളുടെ ലഭ്യതയും വിപണവും ഇല്ലാതാക്കൽ, പുനരധിവാസം എന്നീ പ്രവർത്തനങ്ങളാണ് വിമുക്തിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ജനുവരിയിൽ മാത്രം 150 ഓളം ബോധവൽക്കരണ ക്യാംപെയിനുകളും മത്സര പരിപാടികളും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയതായി പ്രിവന്റീവ് ഓഫീസർ കെ.പി. ഗംഗാധരൻ പറഞ്ഞു. ആദിവാസി വിഭാഗങ്ങൾക്കിടയിലും തീരദേശ മേഖലകളിലും ലഹരിക്കെതിരേ ശക്തമായ പ്രതിരോധമാണ് തീർക്കുന്നതെന്നും ഉദ്യമത്തിന് ജനങ്ങളിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിക്കുന്നത്. ലഹരി വിരുദ്ധ സന്ദേശം ജനങ്ങളിലേക്കെത്തിക്കുന്നതിനായി പാവനാടകം, ഡോക്യുമെന്ററി പ്രദർശനങ്ങൾ, കബഡി, വോളിബോൾ, ഫുഡ്ബോൾ തുടങ്ങിയ കായിക മത്സരങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ലഹരിമുക്ത കേരളം സാക്ഷാത്കരിക്കാനായി സർക്കാർ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, കുടുംബശ്രീ, ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടിയാണ് വ്യാപക ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**ഫോട്ടോ അടിക്കുറിപ്പ് (ഡീ അഡിക്ഷൻ സെന്റർ):** നീലേശ്വരം താലൂക്ക് ആശുപത്രിക്ക് സമീപം ഉദ്ഘാടനത്തിനൊരുങ്ങിയ ലഹരി മോചന ചികിത്സാ കേന്ദ്രം

## പട്ടിക വർഗ കോളനികൾക്കിത് വികസന കാലം; പശ്ചാത്തല സൗകര്യങ്ങൾക്ക് അനുവദിച്ചത് എട്ടു കോടി രൂപ

കാലങ്ങളായി സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്ന പട്ടിക വർഗ സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ജില്ലയിലെ പട്ടിക വർഗ സങ്കേതങ്ങൾ വികസിപ്പിക്കുന്നു. കോളനികളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി സംസ്ഥാന പട്ടിക വർഗ വികസന വകുപ്പ് ജില്ലയിലെ കോളനികൾക്ക് എട്ടു കോടി രൂപയാണ് ഈ സാമ്പത്തിക വർഷം അനുവദിച്ചത്. സാമൂഹിക സാമ്പത്തിക വ്യവഹാരങ്ങളിൽ നിന്നും പുറന്തള്ളപ്പെട്ടിരുന്ന സാമൂഹിക വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ കീഴിലാണ് ജില്ലയിലെ എട്ടു കോളനികൾക്ക് ഒരു കോടി രൂപ വീതം അനുവദിച്ചത്. കോളനികളിൽ ലിങ്ക് റോഡുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അങ്കണവാടികൾ തുടങ്ങിയവ നിർമ്മിക്കാനും കുടിവെള്ളം ലഭ്യമാക്കാനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കൂടാതെ പുതിയ വീടുകൾ നിർമ്മിക്കാനും വീടുകളുടെ അറ്റകുറ്റപണികൾ നിർവഹിക്കാനും തുകയനുവദിക്കും. പിലികുഡ്‌ലു, രാമനടുക്കം ചൂളങ്കല്ല്, കിനാനൂർകരിന്തളം പഞ്ചായത്തിലെ ചീറ്റ, വെള്ളരിക്കയ, മേക്കോടം, വളഞ്ഞങ്ങാനം, മാവിനക്കട്ട കുണ്ടങ്കാരടുക്ക, വായിക്കാനം എന്നിവിടങ്ങളിലെ പട്ടിക വർഗ കോളനികളിലാണ് വികസന പദ്ധതികൾ

പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. വ്യക്തി കേന്ദ്രീകൃതമായ സഹായങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പട്ടിക വർഗ വിഭാഗത്തിന്റെ സമഗ്ര സാമൂഹിക വികസനമാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്നും കോളനികളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ സാമൂഹിക പദവി ഉയർത്താൻ സാധിക്കുമെന്നും ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ പി.ടി. അനന്തകൃഷ്ണൻ പറഞ്ഞു. ജില്ലാ നിർമ്മിതി കേന്ദ്രമാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ടെന്നും സമയബന്ധിതമായി ജൂലൈ മാസത്തിനകം തന്നെ പൂർണമായി പൂർത്തീകരിക്കുമെന്നും ജില്ലാ നിർമ്മിതി കേന്ദ്രം എക് സിക്യൂട്ടീവ് സെക്രട്ടറി ആർ.സി ജയരാജൻ പറഞ്ഞു.ജില്ലയുടെ മലയോരങ്ങളിലും മറ്റുമായി ഒറ്റപ്പെട്ടു കിടക്കുന്ന അവികസിത മേഖലകളിലെ കോളനികളെയാണ് വികസന പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. ഇത്തരം പ്രദേശങ്ങളിലേക്ക് നിർമ്മാണ വസ്തുക്കൾ എത്തിക്കുന്നത് ശ്രമകരമാണെങ്കിലും സർക്കാർ സഹായം ഏറ്റവും അർഹരായ ജനവിഭാഗത്തിന് ലഭ്യമാക്കേണ്ടതിനാൽ ജില്ലാ നിർമ്മിതി കേന്ദ്ര ഏറ്റവും മികച്ച രീതിയിൽ കോളനികളിലെ വികസനം സാധ്യമാക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. കാലങ്ങളായി അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തെ കൈപ്പിടിച്ചുയർത്തി സാമൂഹിക സാമ്പത്തിക സാംസ്കാരിക വ്യവഹാരങ്ങളിൽ അവരെ കണ്ണിചേർക്കാൻ സാധിക്കാനാണ് സർക്കാർ യജ്ഞം കൊണ്ട് ഉദ്ദേശിക്കുന്നത്.

## ഫോട്ടോ അടിക്കുറിപ്പ്

(കോളനി1): ചീറ്റ കോളനിയിൽ നിർമ്മാണം പുരോഗമിക്കുന്ന വീടുകളിലൊന്ന്

(കോളനി2): പിലികുഡ്‌ലുവിൽ അറ്റകുറ്റപണികൾ നടത്തുന്ന വീട്.

## രണ്ടര വർഷത്തിനിടെ ജില്ലയിൽ 51.26 കോടി രൂപ ചിലവഴിച്ചു

ജില്ലയിലെ പട്ടിക വർഗ വിഭാഗങ്ങളുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിലേറിയതിന് ശേഷം ഇതുവരെ 51.26 കോടി രൂപ ചിലവഴിച്ചതായി ട്രൈബൽ ഡവലപ് മെന്റ് ഓഫീസർ പി.ടി. അനന്തകൃഷ്ണൻ പറഞ്ഞു. ജില്ലയുടെ ചരിത്രത്തിലാദ്യമായാണ് ചുരുങ്ങിയ കാലയളവിൽ പട്ടിക വർഗ വിഭാഗങ്ങളുടെ വികസനത്തിന് ഇത്രയും തുക ചിലവഴിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനത്തിനായി ആവിഷ്കരിച്ച വിവിധ പദ്ധതികൾക്ക് വേണ്ടിയാണ് ഫണ്ടുകളനുവദിച്ചത്. പ്രീ മെട്രിക് വിദ്യാഭ്യാസം മുതൽ ഉന്നത സാങ്കേതിക വിദ്യാഭ്യാസം വരെയുള്ള പഠന പ്രവർത്തനങ്ങൾക്ക് മാത്രമായി പതിനെട്ടോളം പഠന സഹായ പദ്ധതികളാണ് നിലവിലുള്ളത്. ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളെ ഉൾപ്പെടുത്തി വിവിധ പദ്ധതികളിലൂടെ സൗജന്യചികിത്സ ലഭ്യമാക്കുന്നുണ്ട്. സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രാക്തന വർഗ പാക്കേജ്, ഭക്ഷ്യ സഹായ പരിപാടി, കൈത്താങ്ങ് പദ്ധതി, അംബേദ്കർ വികസന പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിങ് സ്കീം എന്നിങ്ങനെ ഇരുപതോളം പ്രത്യേക വികസന പദ്ധതികളും നടപ്പാക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 18.12 കോടി രൂപയും, 17-18 വർഷത്തിൽ 18.95 കോടിയും, 18-19 വർഷത്തിൽ ജനുവരി വരെ 14.17 കോടി രൂപയുമാണ് വിവിധ പദ്ധതികൾക്ക് വേണ്ടി അനുവദിച്ചത്.

# സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്

# അപേക്ഷ ക്ഷണിച്ചു

കാസർകോട് സർക്കാർ അന്ധവിദ്യാലയം കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഗവ. സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിൽ അടുത്ത അദ്ധ്യായനവർഷത്തെ സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് (ഡി.എഡ്.എസ്.ഈ.എം.ആർ ) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. റീഹാബി ലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കോഴ്സ് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ഉന്നമനത്തിനായുള്ള പ്രത്യേക വിദ്യാഭ്യാസ പരിശിലനത്തിന് ഊന്നൽ നൽകുന്നു. അപേക്ഷകർ പ്ലസ്ടു/ തത്തുല്ല്യ പരീക്ഷയിൽ മിനിമം 50 ശതമാനം മാർക്ക് നേടിയിരിക്കണം. ഓൾ ഇന്ത്യ ഓൺലൈൻ ആപ്റ്റിട്യൂഡ് ടെസ്റ്റിലുടെയാണ്. പ്രവേശനം. പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അവസാന തീയതി മാർച്ച് 15. കുടുതൽ വിവരങ്ങൾക്ക് ഫോൺ–9645619918, 8086474212.

# യോഗം മാറ്റി

മൊബൈൽ ടവർ സ്ഥാപിക്കുന്നതിനെതിരെയുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് ജില്ലാ ടെലികോം കമ്മിറ്റിയുടെ ഇന്ന് (12) നിശ്ചയിച്ചിരുന്ന യോഗം മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# താൽപര്യപത്രം ക്ഷണിച്ചു

സാമൂഹ്യനീതി വകുപ്പു മുഖാന്തിരം നടപ്പിലാക്കി വരുന്ന നല്ല നടപ്പു സമ്പ്രദായം (പ്രോബേഷൻ സിസ്റ്റം) /ഇരകളുടെയും ആശ്രിതരുടെയും പുനരധിവാസം /ആദ്യ കുറ്റവാളികളുടെ മന:പരിവർത്തനം/ സാമൂഹ്യസേവനം ഒരു ശിക്ഷ എന്ന നിലയിൽ /പ്ലീ ബാർഗൈനിംഗ്/ജയിലിൽ നിന്നിറങ്ങിയ വിചാരണ തടവുകാരുടെയും ശിക്ഷാ തടവുകാരുടെയും പുനരധിവാസം തുടങ്ങിയ വിഷയങ്ങൾ ഒരു പഠനമായോ, വിവിധ പഠനങ്ങളായോ നടത്തുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, എം.എസ്.ഡബ്യ്യൂ കോളേജജുകൾ, സർവകലാശാല വകുപ്പുകൾ എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. വിശദമായ പ്രൊപ്പോസൽ പഠനത്തിന് ആവശ്യമായി വരുന്ന തുകയുടെ എസ്റ്റിമേറ്റ് സഹിതം തിരുവന്തപുരം വികാസ് ഭവനിലുള്ള സാമൂഹ്യ നീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം.

# അപേക്ഷ ക്ഷണിച്ചു

കാസർകോട് ഗവ. ഐ.ടി.ഐയിൽ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ (ഐ. എം സി) സഹകരണത്തോടെ നടത്തുന്ന തൊഴിൽ അധിഷ്ഠിത ഫയർ ആൻഡ് സേഫ്റ്റി ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 25 ന് ആരംഭിക്കുന്ന ആറുമാസക്കാല കോഴ്സിലേക്കുള്ള അപേക്ഷ നൽകേണ്ട അവസാന തീയതി ഫെബ്രുവരി 22. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ സംവരണം ലഭിക്കും. യോഗ്യത എസ്.എസ്.എൽ.സി.വിശദവിവരങ്ങൾക്ക് –9188362040.

## അപേക്ഷ ക്ഷണിച്ചു

പൈവളികെ ഗ്രാമപഞ്ചായത്ത് 2019-2020 വാർഷിക പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ ഫ്രെബുവരി 23 മുതൽ മാർച്ച് 6 വരെ ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ചേരും. വിവിധ പദ്ധതികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ ഫോം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് വിതരണം തുടങ്ങി. പൂരിപ്പിച്ച അപേക്ഷ ഫെബ്രൂവരി 18 ന് വൈകിട്ട് അഞ്ചുവരെ പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## അക്വാകൾച്ചർ പ്രോമോട്ടർ നിയമനം

അജാനൂർ ഗ്രാമപഞ്ചായത്തിൽ ജലകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തു തലത്തിൽ അക്വാകൾച്ചർ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പത്താംക്ലാസ് വിജയിച്ചവരും 60 വയസ്സിൽ താഴെ പ്രായമുള്ളവരും സന്നദ്ധ സേവനത്തിൽ തൽപരരായവരും ആയിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ ഹോണറേറിയം നൽകും. താൽപര്യമുള്ളവർ ഫെബ്രുവരി 16 നകം പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

## പഠനോത്സവം സംഘടിപ്പിച്ചു

ഈ അധ്യായന വർഷത്തെ സ്കൂൾതല പഠന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി പൊതു സമൂഹവുമായി പങ്കുവക്കുന്നതിന് ബളാംതോട് ഗവ ഹയർസെക്കണ്ടറി സ്കൂളിൽ പഠനോത്സവം സംഘടിപ്പിച്ചു.പരിപാടി സ്കൂൾ ലീഡർ റെയ്ഹാന മുഹമ്മദ് ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് പി എം കുര്യാക്കോസ് അധ്യക്ഷതവഹിച്ചു.ഹെഡ്മിസ്ട്രിസ് എ രത്നവതി പഠനോത്സവ വിശദീകരണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഹേമാംബിക , സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം സി.മാധവൻ, പ്രിൻസിപ്പൽ എ കെ. വിനോദ്കുമാർ, എം.പി.ടി.എ പ്രസിഡന്റ് പത്മകുമാരി, സീനിയർ അസ്സിസ്റ്റന്റ് ജെയ്മോൻ മാത്യൂ, സ്റ്റാഫ് സെക്രട്ടറി ഷാജി ജേക്കബ് , സെബാൻ കാരക്കുന്നേൽ , കുട്ടികളുടെ പ്രതിനിധികളായ സോന,ഫാത്തിമത്ത് ഹസ്ന, ദേവപ്രിയ, അരുണിമ അനിൽ , പ്രാർഥന എന്നിവർ സംസാരിച്ചു. ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികളുടെ മികവുകളുടെ അവതരണവും പ്രദർശനവും നടന്നു.

## മണ്ണെണ്ണ പെർമിറ്റിനുള്ള അപേക്ഷ

കാർഷികാവശ്യത്തിന് ജലസേചനത്തിന് മണ്ണെണ്ണ പെർമിറ്റിനുള്ള അപേക്ഷകൾ അതാത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ സ്വീകരിക്കുന്നതാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## സാക്ഷ്യപത്രം ഹാജരാക്കണം

കാസർകോട് നഗരസഭയിലെ വിധവാ പെൻഷൻ,അവിവാഹിത പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളും പുനർ വിവാഹം, വിവാഹം ചെയ്തിട്ടില്ലെന്നുള്ള ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം ഫെബ്രുവരി 28 നകം നഗരസഭയിൽ സമർപ്പിക്കണം.അല്ലാത്തപക്ഷം ഇനിയൊരറിയിപ്പു കൂടാതെ പെൻഷൻ തടഞ്ഞുവക്കുമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

## യു.എ.ഇയിൽ എൻഡോസ്കോപി ടെക്നീഷൻ ഒഴിവ്

യു.എ.ഇയിലെ ഹെൽത്ത് കെയർ സിറ്റി ആശുപത്രിയിലേക്ക് നഴ്സിങ് ബിരുദ/ഡിപ്ലോമ യോഗ്യതയുള്ള എൻഡോസ്കോപി ടെക്നീഷൻമാരുടെ രണ്ട് ഒഴിവുകളിലേയ്ക്ക് നോർക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുപ്പ് നടത്തുന്നു. ശമ്പളം-6000 യു.എ.ഇ ദിർഹം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, വിമാന ടിക്കററ് എന്നിവ സൗജന്യമായി ലഭിക്കും. പ്രായപരിധി 22 നും 35 നും മധ്യേ. രണ്ട് മുതൽ അഞ്ച് വർഷം വരെ ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള എൻഡോസ്കോപി ടെക്നീഷൻമാർ ഫെബ്രുവരി 20 നകം നോർക്ക റൂട്ട്സിന്റെ www.norkaroots.net എന്ന വെബ് സൈററിൽ അപേക്ഷിക്കണം. വിശദവിവരങ്ങൾ 0471-2770577.

## (ഫോട്ടോ അടിക്കുറിപ്പ് മാത്രം) (പുല്ലൂർ:)

പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകുന്ന കട്ടിൽ വിതരണം പഞ്ചായത്ത് പ്രസിഡൻറ് ശാരദ എസ്. നായർ നിർവഹിക്കുന്നു.

(തുടരും)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**